# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>റോഡ് സുരക്ഷ ഉറപ്പുവരുത്തുന്നതിന് വിദഗ്ധ സമിതി</u>

5508 ശ്രീ. ബെന്നി ബെഹനാൻ
,, എ. റ്റി. ജോർജ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 12-ാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖയിൽ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കാനും സുരക്ഷ ഉറപ്പു വരുത്തുവാനുമുള്ള തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) ഇതിനായി ഒരു വിദഗ്ധ സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) സമിതിയുടെ ഘടന എങ്ങനെയാണ് എന്ന് വിശദമാക്കുമോ;

(ഡി) സമിതിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

റോഡു നിർമ്മാണം സംബന്ധിച്ച സാധ്യതാപഠനം

5509 ശ്രീ. സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് നിർമ്മാണം സംബന്ധിച്ച പുതിയ പദ്ധതികളുടെ സാധ്യതാപഠനത്തിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്;

(ബി) വകുപ്പിന് പുറമെയുള്ള ഏജൻസികളെ സാധ്യതാപഠനത്തിനുവേണ്ടി നിയോഗിക്കാറുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം നിബന്ധനകൾക്കുവിധേയമായാണ് ഈ ഏജൻസികളെ നിയോഗിക്കുന്നത്?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>റോഡുകൾ അന്തർദേശീയ നിലവാരത്തിലാക്കുന്നതിന് നടപടി</u>

5510 ശ്രീ. പി.റ്റി.എ റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്തർദേശീയ നിലവാരത്തിലാക്കുന്ന റോഡുകൾ നിശ്ച യിക്കുന്നത് ആരാണ് ;

(ബി വിൽബർ സ്മിത്ത് എന്ന സ്ഥാപനത്തെ ഇത്തരം റോഡുകൾ കണ്ടെത്തുന്നതിനായി ചുമതലപ്പെടുത്തി യിട്ടുണ്ടോ;

(സി) റോഡുകൾ അന്തർദേശീയ നിലവാരത്തിലാക്കുന്നത് സംബന്ധിച്ച് കേരള റോഡ് ഫണ്ട് ബോർഡിന് എന്തെ ങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാ ക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ റോഡുകൾ ഉൾപ്പെടുത്തുന്ന തിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാ മാണ്;

(ഇ) എം.എൽ.എ മാർ നിർദ്ദേശിക്കുന്ന റോഡുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

റോഡ് നിർമ്മാണ കമ്പനി രൂപീകരണം-സർവ്വീസ് സംഘടനകളുമായി ചർച്ച

5511 ശ്രീ.ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

റോഡ് വികസനം, നിർമ്മാണം എന്നിവയ്ക്കായി പുതിയ കമ്പനി രൂപീകരിക്കുന്നത് സംബന്ധിച്ച് ഈ മേഖലകളിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുവാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

റോഡുകളുടെ അറ്റകുറ്റപ്പണി നിരീക്ഷിക്കാൻ പ്രത്യേക സംഘം

5512 ശ്രീ. ഹൈബി ഈഡൻ
,, എ.റ്റി. ജോർജ്
,, വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ അറ്റകുറ്റപ്പണി നടത്താൻ എന്തെല്ലാം നടപടി കൈക്കൊണ്ടിട്ടുണ്ട്;

(ബി) ഇതിന്റെ പുരോഗതി നിരീക്ഷിക്കാൻ പ്രത്യേക സംഘം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതിന്റെ ചുമതലകളും പ്രവർത്തനങ്ങളും എങ്ങനെയാണ്;

(ഡി) ഇതിനായി ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ

# 25.10.2011-ലെ മറുപടിക്ക്

റോഡുകളുടെ ഗുണനിലവാരം ഉയർത്തുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ

5513 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ ഗുണനിലവാരം ഉയർത്തുന്നതിന് ഫലപ്രദമായ ശാസ്ത്രീയ നിർമ്മാണ മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ ആലോചിക്കുന്നുണ്ടോ ;

(ബി) ഇക്കാര്യത്തിൽ വിദേശ ഏജൻസികളുടെ സഹായം സ്വീകരിക്കുമോ ; 'സമഗ്രവും സുസ്ഥിരവുമായ റോഡും സുരക്ഷിതമായ യാത്രയും' ജനങ്ങൾക്കു നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലാതല അവലോകന യോഗ തീരുമാനം</u>

5514 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മലപ്പുറം ജില്ലാതല അവലോകനയോഗ തീരുമാന പ്രകാരം മലപ്പുറം മണ്ഡലത്തിൽ ഏതെല്ലാം പി.ഡബ്ള്യു.ഡി വർക്കുകളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രവർത്തിയുടെയും നാളിതുവരെയുള്ള പുരോഗതികൾ വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

എ. ഡി. ബി. യുടെ ധനസഹായത്തോടെ കണ്ണൂര്‍ ജില്ലയിലെ റോഡുകളുടെ പുനരുദ്ധാരണം

5515 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഏഷ്യന്‍ ഡെവലപ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടെ സംസ്ഥാനത്തെ 1000 കിലോമീറ്റര്‍ റോഡുകള്‍ അന്തര്‍ദേശീയ നിലവാരത്തിലേയ്ക്കുയര്‍ത്തുന്നതിന് എത്ര രൂപയുടെ പദ്ധതിയാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയില്‍ ഉള്‍പ്പെടുത്തുന്നത് ഏത് വിഭാഗത്തില്‍പ്പെട്ട റോഡുകളാണെന്നും അതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങള്‍ എന്തെന്നും വ്യക്തമാക്കുമോ;

(സി) കണ്ണൂര്‍ ജില്ലയിലെ ഏതെല്ലാം റോഡുകളാണ് ഈ പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിട്ടുള്ളതെന്നും എത്ര കിലോമീറ്റര്‍ റോഡ് ഈ പദ്ധതിയില്‍ ഉള്‍പ്പെടുമെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഫണ്ട് എപ്പോള്‍ ലഭ്യമാകുമെന്നും ആദ്യഘട്ടം എപ്പോള്‍ ആരംഭിക്കുമെന്നും പദ്ധതി എപ്പോള്‍ പൂര്‍ത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഇ) പൊതുമരാമത്ത് വകുപ്പില്‍ പ്രസ്തുത പദ്ധതി നടത്തിപ്പിനും നോട്ടത്തിനുമായി പ്രത്യേക സംവിധാനം രൂപീകരിച്ചിട്ടുണ്ടോയെന്നും ആയതിന്റെ ഘടന എന്തെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' പദ്ധതി</u>

5516 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാനത്തെ 1000 കി.മീ. റോഡുകൾ രാജ്യാന്തര നിലവാരത്തിൽ പുനർനിർമ്മിക്കുന്നതിനുള്ള സമഗ്ര പദ്ധതി പ്രാവർത്തികമാക്കാൻ രൂപീകരിക്കുന്ന 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' സംബന്ധമായ വിശദാംശം അറിയിക്കുമോ;

(ബി) ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ധനസഹായം നിലവിൽ ലഭ്യമാകുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

1992-ലെ റോഡ് ഫണ്ട് ആക്ട് പ്രകാരം പിരിഞ്ഞുകിട്ടിയ തുക

5517 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1992-ലെ റോഡ് ഫണ്ട് ആക്ട് പ്രകാരം കേരളത്തിൽ വിതരണം ചെയ്യുന്ന ഓരോ ലിറ്റർ പെട്രോളിനും ഡീസലിനും രണ്ട് രൂപ വീതം ദേശീയപാതാവികസനത്തിന് ലഭിക്കുന്നുണ്ടോ;

(ബി) 2008-ൽ ഈ ഇനത്തിൽ പിരിഞ്ഞുകിട്ടിയ 2760 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായോ;

(സി) എങ്കിൽ 2011 ആകുമ്പോഴേക്കും ഇത് എത്ര തുകയായി ഉയരും എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) ബി.ഒ.ടി. ഒഴിവാക്കി റോഡ് വീതി കൂട്ടുന്നതിന് പ്രസ്തുത തുക പര്യാപ്തമാണോ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ദേശീയപാതാവികസന പുനരധിവാസ പാക്കേജ്</u>

5518 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതാ വികസനവുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജ് നിലവിലുണ്ടോ;

(ബി) എങ്കിൽ ഉടനെ നടപ്പാക്കാൻ കഴിയുമോ എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

എൻ.എച്ച് 213 ൽ ആര്യമ്പാവിലെ റോഡ് അപകടങ്ങൾ കുറയ്ക്കാൻ നടപടി

5519 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച് 213 ൽ ആര്യമ്പാവ് റോഡിൽ വളവും കയറ്റവുമായതുകൊണ്ട് നിരന്തരം അപകട മരണങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റോഡിന്റെ കയറ്റം കുറയ്ക്കാനും വളവ് നിർവർത്താനും നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>പുനലൂര്‍ - കോട്ടവാസല്‍ റോഡിലെ അപകടങ്ങള്‍</u>

5520 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊല്ലം - തിരുമംഗലം ദേശീയപാതയിലെ പുനലൂര്‍ - കോട്ടവാസല്‍ റോഡിലെ കുഴികളില്‍ വീണ് നിയന്ത്രണം തെറ്റി വാഹനങ്ങള്‍ അപകടത്തില്‍പെടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) തെന്മലയ്ക്കും കോട്ടവാസലിനുമിടയില്‍ ദിനംപ്രതി അപകടങ്ങള്‍ റിപ്പോര്‍ട്ട് ചെയ്യപ്പെടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എന്തെല്ലാം പരിഹാരമാര്‍ഗ്ഗങ്ങളാണ് ഈ വിഷയത്തില്‍ സ്വീകരിക്കുവാന്‍ പോകുന്നത്; സദയം വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 25.10.2011-ലെ മറുപടിക്ക്

സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിനു കീഴിലെ വയനാട് ജില്ലയിലെ റോഡുകൾ

5521 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ സംസ്ഥാനപാതകളായി (എസ്. എച്ച്.) അംഗീകരിച്ചിട്ടുള്ള എത്ര റോഡുകളുണ്ട്; അവ ഏതെല്ലാമെന്ന ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) എസ്.ആർ.ഐ.പി. യിൽ ഉൾപ്പെടുത്തിയിട്ടുള്ള വയനാട് ജില്ലയിലെ റോഡുകൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ;

(സി) ഇവയ്ക്കു കണക്കാക്കിയിട്ടുള്ള നിർമ്മാണ ചെലവുകൾ എത്രയെന്ന് റോഡുകൾ തിരിച്ചു വിശദമാക്കുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

## മണ്ണുത്തി - വാളയാർ നാലുവരിപ്പാത

5522 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ണുത്തി - വാളയാർ നാലുവരിപ്പാതയുടെ പ്രവൃത്തി ഏത് ഘട്ടംവരെയായെന്നും, ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിക്കേണ്ടതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിനായി നിലവിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) നാലുവരിപ്പാതയുടെ പണികൾ എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>മഞ്ചേശ്വരം - പാറശ്ശാല പാത</u>

5523 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം - മുതൽ പാറശ്ശാല വരെ എക്സ്പ്രസ് ഹൈവേ മാതൃകയിലുള്ള പാത പരിഗണനയിലുണ്ടോ;

(ബി) വർദ്ധിച്ചു വരുന്ന ഗതാഗതക്കുരുക്ക് കണക്കിലെടുത്ത് ഇക്കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>ഹിൽ ഹൈവേ</u>

5524 ശ്രീ. സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹിൽ ഹൈവേ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(സി) ഇതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഹിൽ ഹൈവേയുടെ ദൈർഘ്യം എത്രയാണ്;

(ഇ) ആദ്യഘട്ടത്തിൽ എവിടെ മുതൽ എവിടെ വരെയാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>സി. ആർ. എഫ്. പദ്ധതികൾക്ക് ഭരണാനുമതി</u>

5525 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി. ആർ. എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഏതൊക്കെ ജില്ലകളിൽ നിന്നുള്ള റോഡുകൾക്കാണ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്; ജില്ല തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ പ്രവൃത്തികൾക്ക് എന്ന് ഭരണാനുമതി ലഭ്യമാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>മഴക്കാലത്ത് റോഡ് ടാറിംഗ്</u>

5526 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മഴക്കാലത്തും റോഡുകള്‍ ടാര്‍ ചെയ്യുന്നത് സംബന്ധിച്ച് നാഷണല്‍ ഇന്‍സ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ വിദഗ്ദ്ധര്‍ എന്തെങ്കിലും നിര്‍ദ്ദേശങ്ങള്‍ മുന്നോട്ട് വെയ്ക്കുകയുണ്ടായോ;

(ബി) എങ്കില്‍ ഇക്കാര്യം പരിശോധിക്കുകയുണ്ടായോ; മുന്‍പ് ഇതു സംബന്ധമായി എന്തെങ്കിലും നിര്‍ദ്ദേശങ്ങള്‍ ലഭിച്ചിരുന്നോ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) വിദഗ്ദ്ധരുമായി ഇക്കാര്യം ചര്‍ച്ച ചെയ്യുമോ; വിശദാംശങ്ങള്‍ നല്‍കുമോ;

(ഡി) റോഡ് നിര്‍മ്മാണ പരിപാലനരംഗത്ത് ഈ നിര്‍ദ്ദേശങ്ങള്‍ പ്രാവര്‍ത്തികമാക്കുമോ; വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>റോഡ് പുനരുദ്ധാരണത്തോടൊപ്പം ഡ്രെയിനേജ് നിർമ്മാണവും</u>

5527 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. ഡബ്ള്യു. ഡി. റോഡിൽ വെള്ളം കെട്ടിനിൽക്കുന്നതും തന്മൂലം റോഡ് അതിവേഗം തകർന്ന് പോകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പി. ഡബ്ള്യു. ഡി. റോഡ് പുനരുദ്ധരിക്കുന്ന സമയത്ത് തന്നെ ഡ്രെയിനേജ് നിർമ്മിക്കാൻ ആവശ്യമായ ഫണ്ട് മാറ്റിവെക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>അയങ്കലം-എടപ്പാൾ പഴയ ബ്ലോക്ക് ഓഫീസ് റോഡ്</u>

5528 ഡോ. കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിൽപ്പെട്ട അയങ്കലം-എടപ്പാൾ പഴയ ബ്ലോക്ക് ഓഫീസ് റോഡ് പൊട്ടിപ്പൊളിഞ്ഞ് ഗതാഗത യോഗ്യമല്ലാതായിത്തീർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് നന്നാക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; ഇതിന്റെ നടപടി ഏതുഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>നബാർഡ് സഹായമുള്ള ചിറയിൻകീഴ് മണ്ഡലത്തിലെ റോഡുകൾ</u>

5529 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. (ആർ ആന്റ് ബി) ഡിവിഷൻ നബാർഡിന്റെ സഹായത്തോടെ നിലവിൽ ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ ഏറ്റെടുത്ത് റോഡുകൾ പണിയുന്നുണ്ടോ;

(ബി) എങ്കിൽ അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>വയനാട് ചുരം ഡിവിഷൻ ഓഫീസ്</u>

5530 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വടകരയിൽ സ്ഥിതി ചെയ്യുന്ന വയനാട് ചുരം ഡിവിഷൻ ഓഫീസ് എന്നാണ് നിലവിൽവന്നത്; വയനാട് ചുരം ഡിവിഷൻ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പു ലഭ്യമാക്കുമോ;

(ബി) ഈ ഡിവിഷന്റെ കീഴിൽ എത്ര സബ് ഡിവിഷൻ സെക്ഷൻ ഓഫീസുകളുണ്ട്; അവ എവിടെയൊക്കെയാണ് സ്ഥിതി ചെയ്യുന്നത്;

(സി) ഈ ഡിവിഷന്റെ കീഴിൽ എത്ര റോഡുകൾ ഉണ്ട്; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) വയനാട് ബദൽ റോഡുകൾ ഈ ഡിവിഷന്റെ പരിധിയിലാണോ; ബദൽ റോഡുകളുടെ ഇൻവെസ്റ്റിഗേഷനും റിപ്പോർട്ടും തയ്യാറാക്കുന്നത് ചുരം ഡിവിഷനാണോ;

(ഇ) കോഴിക്കോട്, കണ്ണൂർ, മലപ്പുറം ജില്ലകളുമായി ബന്ധിപ്പിക്കുന്ന വയനാട്ടിലെ ചുരം റോഡുകളുടെ സംരക്ഷണ ചുമതലയുള്ള ഈ ഡിവിഷൻ വയനാട് ജില്ലയിൽ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ; അവ എന്തെല്ലാമെന്നു വിശദമാക്കുമോ; ഇല്ലെങ്കിൽ ആയതിനുവേണ്ട നടപടി സ്വീകരിക്കാമോ;

(എഫ്) താമരശ്ശേരിചുരം റോഡ് എൻ.എച്ച്-212 അപകടാവസ്ഥയിലായതിനാൽ വയനാട്ടിലേക്കുള്ള ബദൽ റോഡുകളായി പരിഗണനയിലുള്ളത് ഏതെല്ലാം റോഡുകളാണെന്നു വിശദമാക്കുമോ;

# കേരള നിയമസഭ

## 25.10.2011-ലെ മറുപടിക്ക്

(ജി) നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വയനാട് ബദൽ റോഡുകൾക്ക് എന്തെങ്കിലും മുൻഗണന നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെന്ന് വിശദമാക്കുമോ;

(എച്ച്) നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വയനാട് ബദൽ റോഡുകളുടെ നിർമ്മാണ ചെലവ്, ദൈർഘ്യം, ആവശ്യമായിട്ടുള്ള വന-സ്വകാര്യഭൂമി എന്നിവ നിർണ്ണയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(ഐ) ഇതിൽ ഇപ്പോൾ മരാമത്ത് വകുപ്പിന്റെ അധീനതയിൽ ഉള്ളതും പ്രവൃത്തി നടത്തിയതോ നടത്തിക്കൊണ്ടിരിക്കുന്നതോ ആയ റോഡുകൾ ഉണ്ടോ; ഉണ്ടെങ്കിൽ ഏതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി മണ്ഡലത്തിൽ പി.ഡബ്ള്യു.ഡി. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന റോഡുകൾ</u>

5531 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പി.ഡബ്ള്യു.ഡി. പുതുതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന റോഡുകൾ ഏതൊക്കെയാണ് ; പ്രസ്തുത റോഡുകളുടെ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് മാവൂർ റോഡ് വികസനം</u>

5532 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാവൂർ റോഡ് അരയിടത്ത് പാലം മുതൽ മെഡിക്കൽ കോളേജ് ജംഗ്ഷൻ വരെ വീതി കൂട്ടുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡിൽ പല ഭാഗങ്ങളിലും വീതി കുറവായതിനാൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന സാഹചര്യത്തിൽ റോഡ് വീതി കൂട്ടുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

കൊട്ടിയം - കുണ്ടറ - ടെക്നോപാർക്ക് റോഡ്

5533 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടിയം - കുണ്ടറ - ടെക്നോപാർക്ക് റോഡിന്റെ സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതിയും നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡ് പണിയുടെ ഇതുവരെയുള്ള പുരോഗതി വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>പുതിയങ്ങാടി - ഉള്ള്യേരി - കുറ്റ്യാടി-ചൊവ്വ റോഡിന്റെ ശോച്യാവസ്ഥ</u>

5534 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പുതിയങ്ങാടി - ഉള്ള്യേരി - കുറ്റ്യാടി-ചൊവ്വ റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത റോഡിന്റെ 20/600 മുതല്‍ 35/00 വരെ ബി. എം. & ബി. സി. പ്രവൃത്തി ചെയ്യുന്നതിന് അടിയന്തിര നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>കണ്ണൂർ ജില്ലയിലെ റോഡ്, പാലം നിർമ്മാണ പ്രവൃത്തികൾ</u>

5535 ശ്രീ. ഇ.പി.ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം നാളിതുവരെ കണ്ണൂർ ജില്ലയിലെ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ഏതെല്ലാം റോഡ് നിർമ്മാണ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും, ഓരോ പ്രവൃത്തിക്കും എത്ര തുകയുടെ ഭരണാനുമതി ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കായലളവിൽ കണ്ണൂർ ജില്ലയിൽ പൊതുമരാമത്തുവകുപ്പിന്റെ അധീനതയിലുള്ള ഏതെല്ലാം പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്കു ഭരണാനുമതി നൽകിയിട്ടുണ്ടെന്നും, ഓരോ പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തുക എത്രയാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ പാലങ്ങൾക്കും റോഡുകൾക്കും ടോൾ പിരിവ്</u>

5536 ശ്രീ. ഇ.പി. ജയരാജൻ
,, എസ്. ശർമ്മ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് ഏതെങ്കിലും പാലങ്ങൾക്കോ റോഡുകൾക്കോ ടോൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം പാലങ്ങൾക്കും റോഡുകൾക്കും ഇപ്പോൾ ടോൾ പിരിവ് നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇവയിൽ ഓരോ പാലവും റോഡും ഏതു വർഷമാണ് നിർമ്മിച്ചതെന്നും നിർമ്മാണച്ചെലവ് എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) നിലവിൽ ടോൾ പിരിച്ചുകൊണ്ടിരിക്കുന്ന ഓരോ പാലത്തിനും റോഡിനും ഈ ഇനത്തിൽ നാളിതുവരെ എന്തു തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>കുറ്റ്യാടി മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

5537 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ മരാമത്ത് വകുപ്പ് നടത്തിവരുന്നതും അനുമതി ലഭിച്ചതുമായ റോഡ്, പാലം, കെട്ടിടം പ്രവർത്തികൾ ഏതൊക്കെയെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും ലിസ്റ്റ് സഹിതം വ്യക്തമാക്കുമോ ;

(ബി) 2011-12 വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് കുറ്റ്യാടി മണ്ഡലത്തിൽപ്പെട്ട ഏത് പ്രവർത്തികളാണ് പുതിയതായി അനുമതി നൽകി ഏറ്റെടുത്ത് നടപ്പാക്കുക എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>കാലപ്പഴക്കം ചെന്ന പാലങ്ങളുടെ പുനർനിർമ്മാണം</u>

5538 ശ്രീ.പി.കെ. ബഷീർ
'' വി.എം.ഉമ്മർ മാസ്റ്റർ
'' സി. മമ്മൂട്ടി
'' എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലപ്പഴക്കം വന്ന് പുനർനിർമ്മാണം ആവശ്യമായ പാലങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അടിയന്തിരമായി പുനർ നിർമ്മാണം നടത്തേണ്ട പാലങ്ങളെ സംബന്ധിച്ച് പ്രത്യേക ലിസ്റ്റ് തായാറാക്കിയിട്ടുണ്ടോ;

(ഡി) ഗതാഗതം വർദ്ധിച്ചതുമൂലം പുതുക്കിപ്പണിയുകയോ, വിപുലീകരിക്കുകയോ ചെയ്യേണ്ട പാലങ്ങൾ എത്രയുണ്ടെന്നതിന്റെ വിവരം നല്കാമോ;

(ഇ) ഇവയുടെ നിർമ്മാണം അടിയന്തിരമായി ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി സ്വീകരിച്ച നടപടി വിശദമാക്കാമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ പാലങ്ങളുടെ അവലോകനം</u>

5539 ശ്രീ. സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പാലങ്ങളുടെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കേരളത്തില്‍ വന്‍കിട-ഇടത്തരം-ചെറുകിട പാലങ്ങള്‍ എത്രയെണ്ണമുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പാലങ്ങളിലൂടെ കടന്നുപോകാവുന്ന വാഹനങ്ങളുടെ ഭാരം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ഡി) വന്‍തോതില്‍ ഭാരം കയറ്റാവുന്ന പുതിയ ഇനം വാഹനങ്ങള്‍ വര്‍ദ്ധിച്ചു വരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത വാഹനങ്ങള്‍ അനുവദനീയമായതിനേക്കാള്‍ കൂടുതല്‍ ഭാരം കയറ്റി പാലങ്ങള്‍ വഴി കടന്നുപോകുന്നുണ്ടോ; എങ്കില്‍ വണ്ടികള്‍ തടയുന്നതിനും പാലങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>മണലാടി കടവ് പാലം</u>

5540 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജക മണ്ഡലത്തിലെ കവിയൂർ-കല്ലൂപ്പാറ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മണലാടി കടവ് പാലം പണി പൂർത്തീകരിച്ച് ഗതാഗതത്തിന് എന്നു തുറന്നു കൊടുക്കുവാൻ പറ്റുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ആലപ്പുഴ ഇരുമ്പു പാലത്തിന്റെ നിര്‍മ്മാണം</u>

5541 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആലപ്പുഴ ഇരുമ്പു പാലത്തിന്റെ നിര്‍മ്മാണം നീണ്ടുപോകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) കരാറുകാരനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പാലം നിര്‍മ്മാണത്തില്‍ കോടതി ഇടപെട്ടിട്ടുണ്ടോ; എങ്കില്‍ കോടതി ഉത്തരവിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ;

(ഡി) പാലം പണി എന്നു പൂര്‍ത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>നാദാപുരം മണ്ഡലത്തിലെ വിവിധ പാലങ്ങളുടെ നിർമ്മാണ പുരോഗതി</u>

5542 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ 'മേലെകുരുടൻ' കടവ്പാലം, 'തുരുത്തിപാലം,' 'കല്ലാച്ചേരി കടവ്പാലം,' 'മുടിക്കൽപാലം,' 'താനിയുള്ള പൊയിൽ തൂക്കുപാലം' എന്നിവയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) ഇവയുടെ പ്രവൃത്തികളിൽ തടസ്സങ്ങളുണ്ടെങ്കിൽ ആയത് നീക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം എന്ന് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി കോട്ടക്കീൽക്കടവ് പട്ടുവം പാലം</u>

5543 ശ്രീ.റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ കോട്ടക്കീൽക്കടവ് പട്ടുവം പാലം നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) ആയതിന്റെ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>നീലേശ്വരം പള്ളിക്കര റെയിൽവെ മേൽപ്പാലം</u>

5544 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരം പള്ളിക്കര റെയിൽവെ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ ഏതുഘട്ടത്തിലാണെന്നും, പ്രസ്തുത മേൽപ്പാല നിർമ്മാണം എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>വര്‍ക്കുകള്‍ പൂര്‍ത്തീകരിക്കാത്ത കരാറുകാര്‍ക്കെതിരെ നടപടി</u>

5545 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ഉത്തരവുകള്‍ പ്രകാരമുള്ള പ്രവൃത്തികള്‍ ഏറ്റെടുക്കുന്ന കരാറുകാര്‍ യഥാസമയം അവ പൂര്‍ത്തീകരിക്കാത്തത് ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഇവര്‍ക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ;

(ബി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പണികള്‍ ചെയ്യുന്ന എത്ര കരാറുകാര്‍ക്കെതിരെ നിയമ നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ നല്‍കാമോ;

(സി) പണികള്‍ യഥാസമയം പൂര്‍ത്തിയാക്കാതെ അനന്തമായി നീട്ടിക്കൊണ്ടുപോകുന്ന കരാറുകാരെ കരിമ്പട്ടികയില്‍ ഉള്‍പ്പെടുത്താറുണ്ടോ; ഇതിനുള്ള നടപടിക്രമങ്ങള്‍ എന്തെല്ലാമാണ് ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>പി. ഡബ്ലിയു. ഡി. മാനവൽ പരിഷ്ക്കരണം</u>

5546 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. ഡബ്ല്യൂ.ഡി മാനവൽ പരിഷ്ക്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ പുരോഗതി വ്യക്തമാക്കാമോ;

(ബി) പി. ഡബ്ല്യൂ.ഡി ബിൽഡിംഗ്, ഇലക്ട്രിക്കൽ വിഭാഗങ്ങൾ തമ്മിലുള്ള കോർഡിനേഷൻ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

(സി) കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ ഇലക്ട്രിഫിക്കേഷൻ പ്രവർത്തനങ്ങളിൽ മേൽനോട്ടം വഹിക്കേണ്ടത് ഇലക്ട്രിക് വിഭാവും ഫൈനൽ ബിൽ നൽകേണ്ടത് ബിൽഡിംഗ് വിഭാഗവും എന്നാക്കി പരിമിതപ്പെടുത്തികൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുമോ; അത്തരം ഉത്തരവുകളുടെ അഭാവം മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ഗ്രീൻ ടെക്നോളജി നിർമ്മാണത്തിന് ടാക്സ് ഇളവ്</u>

5547 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഗ്രീൻ ടെക്നോളജി' കെട്ടിട നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അതിന്റെ ഭാഗമായി എന്തെങ്കിലും ഇളവുകൾ നല്കുന്നുണ്ടോ;

(ബി) കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുമ്പോൾ ഗ്രീൻ ടെക്നോളജി പ്രകാരം നിർമ്മിക്കുന്നവർക്ക് ടാക്സിനത്തിലും മറ്റും ഇളവുനൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

പട്ടുവം ഐ. എച്ച്. ആർ. ഡി. കോളേജ് കെട്ടിട നിർമ്മാണം

5548 ശ്രീ.ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടുവം ഐ. എച്ച്. ആർ. ഡി. കോളേജിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതി നല്കിയ പ്രവൃത്തി നടപ്പിലാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ ;

(ബി) ഭരണാനുമതി നല്കികൊണ്ടുള്ള ഉത്തരവ് പൊതുമരാമത്ത് വകുപ്പിന് എന്നാണ് ലഭിച്ചത് ; എത്ര ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നല്കിയിരുന്നത് ;

(സി) വിശദമായ എസ്റ്റിമേറ്റ് തുക എത്രയാണ് ; ഇത് ഭരണാനുമതി നൽകിയ തുകയിൽ അധികരിച്ചെങ്കിൽ റിവൈസ്ഡ് എ.എസ് നായി ഐ. എച്ച്. ആർ. ഡി.ക്ക് നല്കിയിരുന്നുവോ ; നല്കിയിരുന്നുവെങ്കിൽ എന്നാണെന്നറിയിക്കുമോ ;

(ഡി) റിവൈസ്ഡ് എ. എസ് നല്കി ഐ. എച്ച്.ആർ. ഡി. എന്നാണ് തിരിച്ചു നൽകിയത് ; പുതുക്കിയ ഭരണാനുമതി ലഭിച്ചെങ്കിൽ പ്രവൃത്തി ടെണ്ടർ ചെയ്തുവോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; എന്നേക്ക് ടെണ്ടർ നടപടി പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കും ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ബന്തടുക്കയിലെ ഗസ്റ്റ്ഹൗസ് ദുരുപയോഗം</u>

5549 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ബന്തടുക്കയിൽ ഗസ്റ്റ്ഹൗസ് നിലവിലുണ്ടോ ;

(ബി) എങ്കിൽ ഈ ഗസ്റ്റ്ഹൗസ് മുഖേന കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ലഭിച്ച വരുമാനവും ചെലവും പ്രത്യേകം വിശദമാക്കാമോ ;

(സി) പ്രസ്തുത ഗസ്റ്റ്ഹൗസ്, ജീവനക്കാരുടെ സഹകരണത്തോടെ സാമൂഹ്യവിരുദ്ധർ മദ്യപാനത്തിനും മറ്റും ഉപയോഗിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അടുത്തകാലത്ത് ഇവിടെ താമസിച്ച ഡോക്ടർ സാമൂഹ്യവിരുദ്ധരുടെ കയ്യേറ്റത്തിന് ഇരയായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത സ്ഥാപനം ദുരുപയോഗം ചെയ്യുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

ആറ്റിങ്ങൽ സിവിൽ സ്റ്റേഷന്റെ നിർമ്മാണപ്രവർത്തനങ്ങൾ

5550 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി ബിൽഡിങ്ങ്സ് വിഭാഗം മേൽനോട്ടം വഹിക്കുന്ന ആറ്റിങ്ങൽ സിവിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; ഇതിന്റെ അടങ്കൽ തുക എത്രയാണ് ; ഇതിന്റെ നിർമ്മാണ കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണ്; വിശദമാക്കാമോ ;

(ബി) ഇതിന്റെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാനാണ് തീരുമാനിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>തളിപ്പറമ്പ് മിനി സിവിൽ സ്റ്റേഷൻ</u>

5551

ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മിനി സിവിൽ സ്റ്റേഷന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടും കെട്ടിടത്തിൽ വിവിധ ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ടോ;

(സി) ഇതിനായി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതായുണ്ട്;

(ഡി) ഇത് പൂർത്തീകരിക്കുന്നതിനായി എത്ര ലക്ഷം രൂപയുടെ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് സമർപ്പിക്കപ്പെട്ടിട്ടുണ്ട്; ആയതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നറിയിക്കാമോ;

(എഫ്) അടിയന്തിരമായി ഭരണാനുമതി ലഭ്യമാക്കി നിർമ്മാണപ്രവൃത്തി പൂർത്തീകരിച്ച് കെട്ടിടം ഉപയോഗസജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>ആലത്തൂർ മിനി സിവിൽസ്റ്റേഷൻ കെട്ടിടനിർമ്മാണം</u>

5552 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മിനി സിവിൽസ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണം ഏതു ഘട്ടത്തിലെത്തിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(ബി) ഇനി ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കുവാനുള്ളത് ;

(സി) കെട്ടിട നിർമ്മാണം എന്ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നു വ്യക്തമാക്കാമോ ;

(ഡി) കെട്ടിടം പണി പൂർത്തീകരിക്കുവാൻ തടസ്സങ്ങളെന്തെങ്കിലും നിലവിലുണ്ടോ ;

(ഇ) നിർമ്മാണം പൂർത്തീകരിക്കുന്നതോടൊപ്പംതന്നെ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>പയ്യന്നൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടം</u>

5553 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തിലിരിക്കുന്ന പയ്യന്നൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടം പണി ഏത് ഘട്ടം വരെയായി എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പണി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; പ്രസ്തുത കെട്ടിടത്തിന്റെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

ദേവികുളം സർക്കാർ ക്വാർട്ടേഴ്സിന്റെ നിർമ്മാണം

5554 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേവികുളം സർക്കാർ ക്വാർട്ടേഴ്സിന്റെ നിർമ്മാണം എന്നാരംഭിക്കും എന്നറിയിക്കുമോ ;

(ബി) ഇതിനാവശ്യമായ ഫണ്ട് നീക്കിവെച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

സര്‍ക്കാര്‍ ജീവനക്കാര്‍ക്കുള്ള ക്വാര്‍ട്ടേഴ്സ്

5555 ശ്രീ. റ്റി. യു. കുരുവിള
,, മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം ഒബ്സര്‍വേറ്ററി കോമ്പൗണ്ടില്‍ സര്‍ക്കാര്‍ ജീവനക്കാര്‍ക്ക് വേണ്ടി പുതിയ ഫ്ളാറ്റ് പണിയുന്നതിനുള്ള നടപടികള്‍ ഇപ്പോള്‍ ഏത് ഘട്ടത്തിലാണ് ; പ്രസ്തുത കെട്ടിടങ്ങളുടെ പ്രവൃത്തികള്‍ എന്നത്തേക്ക് പൂര്‍ത്തിയാക്കാന്‍ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് സര്‍ക്കാര്‍ ജീവനക്കാര്‍ക്കുള്ള ക്വാര്‍ട്ടേഴ്സ് പണി നടക്കുന്നത് ; എവിടെയൊക്കെ പുതിയ ക്വാര്‍ട്ടേഴ്സ് പണിയാന്‍ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>ബ്രണ്ണൻ കോളേജിന് കെട്ടിടം</u>

5556 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ പാക്കേജിൽ ഉൾപ്പെടുത്തിയ തലശ്ശേരി ബ്രണ്ണൻ കോളേജിന്റെ പഴയ കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന്റെ പ്രവൃത്തി എന്ന് തുടങ്ങാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 25.10.2011-ലെ മറുപടിക്ക്

<u>പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്ത എ.ഇ. ഒഴിവുകൾ</u>

5557 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരാമത്ത് വകുപ്പിൽ 31.03.2012-ലെ ജീവനക്കാരുടെ റിട്ടയർമെന്റ് കണക്കാക്കി 2012 ഏപ്രിൽ ഒന്നാം തീയതി ഉണ്ടാകുന്ന അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) മാരുടെ ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകൾ കെ.പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയാണെന്നും എന്നാണ് റിപ്പോർട്ട് ചെയ്തതെന്നും വ്യക്തമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യാസം ചെയ്ത് തിരികെ വകുപ്പിൽ പ്രവേശിച്ച അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>മാവേലിക്കര - ചാരുംമൂട് ട്രാഫിക് കൺട്രോൾ ലൈറ്റ് സംവിധാനം</u>

5558 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര - ചാരുംമൂട് പട്ടണങ്ങളിൽ ട്രാഫിക് കൺട്രോൾ ലൈറ്റ് സംവിധാനം സ്ഥാപിക്കാത്തതുമൂലമുണ്ടാകുന്ന അപകടങ്ങളും യാത്രാക്കുരുക്കും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

ആയൂർ ടൗണിലെ ട്രാഫിക് സംവിധാനം

5559 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ ആയൂർ ടൗണിൽ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ, റോഡ് സുരക്ഷാ ക്രമീകരണങ്ങൾ മറ്റ് അനുബന്ധ സംവിധാനങ്ങൾ എന്നിവ കേരളാ സ്റ്റേറ്റ് ട്രാൻസ് പോർട്ട് പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ തീരുമാനിച്ചിരുന്നുവോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനം നടപ്പിലാക്കുവാൻ വൈകുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) കെ.എസ്.ടി.പി. യുടെ ഏത് പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>ആലപ്പുഴ മണ്ഡലത്തിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കാൻ നടപടി</u>

5560 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ വണ്ടാനം മെഡിക്കൽ കോളേജ്, അമ്പലപ്പുഴ ജംഗ്ഷൻ എന്നിവിടങ്ങളിൽ ട്രാഫിക് സിഗ്നലുകൾ ഇല്ലാത്തതിനാൽ ഗതാഗതക്കുരുക്കും അപകടങ്ങളും വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും ആലപ്പുഴ ജില്ലയ്ക്ക് എന്തു തുകയാണ് അനുവദിച്ചിട്ടുളളതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെട്ട നേമം നിയോജക മണ്ഡലത്തിലെ പുതിയ പദ്ധതികൾ</u>

5561 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി നേമം നിയോജകമണ്ഡലത്തിൽ എന്തെങ്കിലും പുതിയ പദ്ധതികൾ ആരംഭിക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ അവയുടെ സാമ്പത്തിക-ഭൗതിക വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>നബാർഡ് ധനസഹായത്തോടുകൂടി കൊയിലാണ്ടി മണ്ഡലത്തിലെ പ്രവൃത്തികൾ</u>

5562 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം നബാർഡ് ധനസഹായത്തോടുകൂടി നടപ്പിലാക്കാൻ അനുമതി ലഭിച്ചിട്ടുള്ള കൊയിലാണ്ടി മണ്ഡലത്തിൽപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഓരോന്നിന്റെയും പുരോഗതി വിശദമാക്കാമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>കാസർഗോഡ് സ്പെഷ്യൽ പാക്കേജ് അപ്ഗ്രഡേഷൻ</u>

5563 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സ്പെഷ്യൽ പാക്കേജ് അപ്ഗ്രഡേഷൻ പദ്ധതിയിൽപ്പെടുത്തി കാസർഗോഡ് ജില്ലക്ക് ഏതൊക്കെ പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾ തുടങ്ങിയിട്ടുണ്ടെന്നും, എത്ര എണ്ണം തുടങ്ങാൻ ഉണ്ടെന്നും പ്രത്യേകം വിശദമാക്കാമോ ;

(സി) ഇനിയും തുടങ്ങാനുള്ള പ്രവൃത്തികൾ എന്നു തുടങ്ങാനാകും എന്നും പ്രസ്തുത പ്രവൃത്തികളുടെ എഗ്രിമെന്റ് ഒപ്പിട്ടിട്ടുണ്ടോയെന്നും പ്രവൃത്തി ഏറ്റെടുത്തത് ആരാണെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 25.10.2011-ലെ മറുപടിക്ക്

<u>മണൽ ക്ഷാമപ്രശ്നങ്ങളുടെ പരിഹാരം</u>

5564 ശ്രീ. പി.കെ. ഗുരുദാസൻ
,, എസ്. ശർമ്മ
,, കെ.കെ. നാരായണൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നിർമ്മാണ മേഖലയിലെ മണലിന്റെ ക്ഷാമവും ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും പരിഹരിക്കുന്നതിന്, മുൻ സർക്കാർ സ്വീകരിച്ചുവന്ന ദിശയിലുള്ള നടപടികൾക്ക് തുടർച്ച ഉറപ്പാക്കാമോ?